Mathrubhumi 19-11-18, P-4

# ഇവിടെയില്ലാത്തത് തെങ്ങുമാത്രം



**യുഗാണ്ട യാത്രകൾ**

സി.ആർ. ദാസ് | crdas13@yahoo.co.in 9447937960

## വിക്ടോറിയാ തടാകം പോലെയുള്ള ജലസ്രോതസ്സുകളും വർഷത്തിൽ രണ്ടു തവണയായി ലഭിക്കുന്ന മഴയുമാണ് ഇവിടത്തെ കർഷകനെ തുണയ്ക്കുന്നത്

കണ്ണെത്താദൂരത്തോളം കറിവേപ്പിലത്തോട്ടം, അതിരിട്ട് കാന്താരിമുളകുകൊണ്ടുള്ള വേലി. യാത്രയ്ക്കിടയിലെ ഈ മനോഹര ദൃശ്യം കണ്ട് ഞങ്ങൾ ജിക്കുവിനോട് കാർ നിർത്താൻ പറഞ്ഞു. സർക്കാർ വക കറിവേപ്പിലത്തോട്ടമാണോ ഇതെന്ന ഞങ്ങളുടെ ചോദ്യം കേട്ട് ജിക്കു പൊട്ടിച്ചിരിച്ചു. ഇത് തോട്ടമൊന്നുമല്ല, തനിയെ വളരുന്നതാണ്... അതായത് കാട്ടുചെടികളെപ്പോലെ.

യുഗാൻഡയിൽ സമൃദ്ധമായിക്കാണുന്ന രണ്ടിനങ്ങളാണ് കറിവേപ്പിലയും കാന്താരിമുളകും. ടൺകണക്കിന് കറിവേപ്പിലയാണ് ഇവിടെനിന്ന് കയറ്റിയയയ്ക്കുന്നത്. ജിക്കുവിന്റെ വിവരണം കേട്ട് ഞങ്ങൾ അതിശയിച്ചുപോയി. യാത്ര ആരംഭിച്ചിട്ടേയുള്ളൂ, ഒരു കൃഷിശാസ്ത്രജ്ഞനെ കണ്ടുമുട്ടാനുള്ള യാത്ര....

ഭൂപ്രകൃതിയിൽ കേരളത്തിനോട് ഏറെ സാദൃശ്യം തോന്നിപ്പിക്കുന്ന യുഗാൻഡയിൽ കൃഷിതന്നെയാണ് പ്രധാന ജീവിതമാർഗം. അതിനനുയോജ്യമായ പ്രകൃതിസമ്പത്തും ഇവിടെയുണ്ട്. ഫലഭൂയിഷ്ഠമായ മണ്ണ്, സമ്പന്നമായ ജലസ്രോതസ്സ്, അധ്വാനതത്പരരായ ജനത -ഇവിടത്തെ കൃഷിസാധ്യതകൾ വർധിച്ചുവരുകയാണ് -പ്രൊഫ. ബി.എൻ.എസ്. ഗൗഡ പറഞ്ഞു. ബാംഗ്ലൂർ കാർഷികസർവകലാശാലയിലെ കാർഷികശാസ്ത്രജ്ഞനായ ഗൗഡ വിരമിച്ചശേഷമാണ് യുഗാൻഡയിലെത്തുന്നത്. ഇന്ത്യക്കാരുൾപ്പെടെയുള്ള ഇവിടത്തെ കർഷകരുടെ മുഖ്യ ഉപദേശകനാണദ്ദേഹം.

നിങ്ങൾക്കറിയുമോ, ഈ നാട്ടിൽ വർഷത്തിൽ രണ്ടുതവണ മാവും പ്ലാവും പൂക്കും കായ്ക്കും. അത്രമാത്രം കൃഷിയ്ക്കനുയോജ്യമാണിവിടത്തെ കാലാവസ്ഥ. വർഷത്തിൽ പന്ത്രണ്ടുമാസവും മിതശീതോഷ്ണ കാലാവസ്ഥയാണിവിടെ. ചോളം, സൊർഘം, കസവ എന്നിവയാണ് പ്രധാന വിളകൾ. കൂടാതെ ഉരുളക്കിഴങ്ങ്, കപ്പ, കാബേജ്, തക്കാളി, സവാള, ഉള്ളി, കോളിഫ്ളവർ, കപ്പലണ്ടി, കാരറ്റ് എന്നിവയും വ്യാപകമായി കൃഷിചെയ്യുന്നു.





കംപാലയിലെ കൃഷിത്തോട്ടം

വിക്ടോറിയാ തടാകംപോലെയുള്ള ജലസ്രോതസ്സുകളും വർഷത്തിൽ രണ്ടുതവണയായി ലഭിക്കുന്ന മഴയുമാണ് ഇവിടത്തെ കർഷകനെ തുണയ്ക്കുന്നത്. ചുരുക്കത്തിൽ ദൈവത്തിന്റെ സ്വന്തം നാടായ നിങ്ങളുടെ കേരളത്തേക്കാൾ സുന്ദരമാണ് യുഗാൻഡയടക്കമുള്ള പല ആഫ്രിക്കൻ രാജ്യങ്ങളും - പ്രൊഫ. ഗൗഡ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

എന്റെ മനസ്സിൽ ഒരു കുസൃതിച്ചോദ്യം പൊന്തിവന്നു. കേരളത്തിന് ഏതാണ്ട് സമാനമായ അന്തരീക്ഷമാണെങ്കിലും ഇവിടെ തെങ്ങുകൾ കാണാനില്ലല്ലോ? എന്റെ സംശയം ന്യായമാണെന്ന് സമ്മതിച്ച ഗൗഡ പറഞ്ഞു, തെങ്ങ് കേരളത്തിലെ സ്വന്തം വൃക്ഷമാണെന്നതിന് തെളിവൊന്നുമില്ലല്ലോ. സഞ്ചാരികളുടെ വരവിനിടെ നിങ്ങളുടെ നാട്ടിലെത്തിയതാവാം ആ കല്പവൃക്ഷം. ഒരുപക്ഷേ, ബ്രിട്ടീഷ് കോളനിയായിട്ടും ഇവിടേയ്ക്കു വന്ന വിദേശികളാരും കല്പവൃക്ഷത്തെ ഇങ്ങോട്ടെത്തിച്ചിട്ടുണ്ടാവില്ല. പക്ഷേ, തെങ്ങുകൃഷി യുഗാൻഡയിലാരംഭിക്കാനുള്ള പദ്ധതികൾ ഞങ്ങളൊരുക്കിവരുകയാണ്...

യുഗാൻഡയിലെ മുഖ്യകൃഷി ചോളവും വാഴയും തന്നെ. അങ്ങനെയും കേരളവുമായി ചെറിയൊരു സാമ്യമുണ്ട്.

ഇനി നമുക്കല്പം ഭക്ഷണം കഴിച്ചാലോ, പ്രൊഫ. ഗൗഡ ഞങ്ങളെ തീൻമേശയിലേയ്ക്കു ക്ഷണിച്ചു. മേശ നിറയെ വിഭവങ്ങൾ. മത്സ്യവും മാംസവും എല്ലാമുണ്ട്. ഇതാണ് മട്ടോക്കി. അദ്ദേഹം പുതിയൊരു വിഭവം ഞങ്ങളെ പരിചയപ്പെടുത്തി. പച്ചക്കായ പുഴുങ്ങിയുണക്കിയുണ്ടാക്കുന്ന ഈ വിഭവവും ചോളപ്പൊടിയുമാണ് ഇവിടത്തുകാരുടെ പ്രധാന ഭക്ഷണം. മട്ടോക്കിയും ചോളപ്പൊടികൊണ്ടുള്ള വിവിധ വിഭവങ്ങൾക്കെല്ലാം വ്യത്യസ്തമായ രുചികൾ. യുഗാൻഡൻ വിഭവങ്ങൾ നമ്മുടെ നാട്ടിലേതിനേക്കാൾ ഒട്ടും പിന്നിലല്ലെന്ന് ഞങ്ങൾ രുചിച്ചറിഞ്ഞു.